**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3571** **15-02-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ ഡിജിറ്റൽ റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വേയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി അളന്ന 89 വില്ലേജുകളും ഡിജിറ്റൽ സർവ്വെ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് 2022 നവംബർ 1 ന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെ ആകെ 8 ഘട്ടങ്ങളിലായാണ് 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 70 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 36 വില്ലേജിന്റെ 90% സർവ്വെ ജോലികളും 27 വില്ലേജിന്റെ 70-90% സർവ്വെ ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ സർവ്വെ ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 200 വില്ലേജുകളിലായി 12/02/2024 വരെ 2,35,096.73 ഹെക്ടർ സർവ്വെ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട സർവ്വെ പ്രവർത്തനങ്ങൾക്ക് 20.10.2023 ൽ തുടക്കം കുറിച്ചുകൊണ്ട് രണ്ടാംഘട്ട 200 വില്ലേജുകളുടെ സർവ്വെ ജോലികളും പുരോഗിതിയിലാണ്. |
| (ബി) | ആലപ്പുഴ ജില്ലയിൽ എത്ര വില്ലേജുകളിൽ എത്ര ഹെക്ടർ സ്ഥലം റീസർവ്വേ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്; | (ബി) | ആലപ്പുഴ ജില്ലയിൽ ഡിജിറ്റൽ റീസർവ്വെയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പുളിങ്കുന്ന്, വെളിയനാട്, കുത്തിയതോട്, ചേർത്തല നോർത്ത്, അരൂർ, എഴുപുന്ന, കടക്കരപള്ളി, പട്ടണക്കാട് എന്നീ 8 വില്ലേജുകളിലായി 8,150.709 ഹെക്ടർ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആലപ്പുഴ ജില്ലയിൽ അടുത്ത ഘട്ടത്തിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | (സി) | ഡിജിറ്റൽ റീസർവ്വെയുടെ രണ്ടാംഘട്ടത്തിൽ ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ, കോടംതുരുത്ത്, മാന്നാർ, ആര്യാട് തെക്ക്, അമ്പലപ്പുഴ, ഹരിപ്പാട്, കീരിക്കാട്, തെക്കേക്കര, കൈനകരി വടക്ക് എന്നീ 9 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ